**KERALA STATE**
**FINANCIAL ENTERPRISES STAFF ASSOCIATION (CITU)**
Reg. No.180/71, Kottappuram Road, Thrissur - 4
(Affiliated to C.I.T.U. No.K.1128)
Email : ksfesacitusc@gmail.com, web:www.ksfesa.com

President : **Elamaram Kareem MP** Mob : 9400307786
General Secretary : **S. Muraleekrishnapillai** Mob : 9446538432

# സർക്കുലർ 5/19

സഖാക്കളെ,

കെ.എസ്.എഫ്.ഇ. സ്റ്റാഫ് അസോസിയേഷൻ (സി.ഐ.ടി.യു.) സംസ്ഥാന കമ്മിറ്റി യോഗം 22.01.2019 (ചൊവ്വാഴ്ച) രാവിലെ 11.30ന് സി.ഐ.ടി.യു. കോഴിക്കോട് ജില്ലാ കമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു. സംസ്ഥാന ഭാരവാഹിയോഗം രാവിലെ 10 മണിക്ക് ചേർന്നു. സ. എളമരം കരീം എം.പി., സി.ഐ.ടി.യു. സംസ്ഥാന വൈസ് പ്രസിഡന്റ് സ. ജോർജ്ജ് കെ. ആന്റണി എന്നിവർ പങ്കെടുത്തു. സ. എളമരം കരീം എം.പി. രാഷ്ട്രീയ റിപ്പോർട്ടും ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. ട്രഷറർ വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു.

സർവാദരണീയനായ ട്രേഡ് യൂണിയൻ നേതാവും കെ.എസ്.എഫ്.ഇ. ഓഫീസേഴ്സ് യൂണിയൻ വർക്കിംഗ് പ്രസിഡന്റുമായിരുന്ന സ. അഡ്വ. ആർ. രാഘവൻ പിള്ള, കെ.എസ്.എഫ്.ഇ. സ്റ്റാഫ് അസോസിയേഷൻ മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും പ്രശസ്ത സിനിമാ സംവിധായകനുമായിരുന്ന സ. ലെനിൻ രാജേന്ദ്രൻ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

**തീരുമാനങ്ങൾ**

1) **ജീവനക്കാരുടെ 2017-18 വർഷത്തെ ഇൻസെന്റീവ് പുതുക്കി നിശ്ചയിച്ച എൽ.ഡി.എഫ്. സർക്കാരിനും മാനേജ്മെന്റിനും അഭിവാദ്യങ്ങൾ.**

ഒരു വിഭാഗം ഉന്നത ഉദ്യോഗസ്ഥർക്ക് മാത്രമായി ഇൻസെന്റീവ് തുക വർദ്ധിപ്പിച്ചു നൽകുകയും ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികൾക്ക് ഒരു രൂപപോലും വർദ്ധന നൽകാതെയും പുതിയ ജീവനക്കാർക്ക് ഇൻസെന്റീവിന് വ്യക്തമായ വ്യവസ്ഥയില്ലാതെയുമുള്ള ഇൻസെന്റീവ് കരാറിനെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നുവന്നു. സ്റ്റാഫ് അസോസിയേഷൻ കരാറിൽ ഒപ്പിട്ടില്ല. നാം ഇൻസെന്റീവ് ബഹിഷ്കരണസമരം പ്രഖ്യാപിച്ചു. നമ്മുടെ അംഗങ്ങൾ ആവേശത്തോടെ ബഹിഷ്കരണ സമരത്തിൽ ഉറച്ചുനിന്നു. തുടർന്ന് പ്രശ്നം ചർച്ച ചെയ്തു പരിഹരിക്കുന്നതിന് 24.09.18 തീയതിയിൽ പ്രവാസി ചിട്ടി തിരുവനന്തപുരം വെർചൽ ശാഖയിൽ വച്ച് നമ്മെ ചർച്ചയ്ക്ക് വിളിച്ചു. ചർച്ചയിൽ നമ്മുടെ വാദം മാനേജ്മെന്റ് തത്വത്തിൽ അംഗീകരിച്ചുവെങ്കിലും സർക്കാർ ഉത്തരവ് വഴിയാണ് ഇൻസെന്റീവ് വിതരണം ചെയ്തത് എന്നതുകൊണ്ട് മറ്റൊരു സർക്കാർ ഉത്തരവ് വഴിയല്ലാതെ ഇൻസെന്റീവ് ഉയർത്തി നൽകാനാവില്ലെന്ന് മാനേജ്മെന്റ് അറിയിച്ചു. ഇൻസെന്റീവ് ബഹിഷ്കരണ സമരം പിൻവലിക്കണമെന്ന് ചർച്ചയിൽ മാനേജ്മെന്റ് അഭ്യർത്ഥിച്ചു. എന്നാൽ വ്യക്തമായ ഉറപ്പുലഭിക്കാതെ ഇൻസെന്റീവ് കൈപ്പറ്റുകയില്ലെന്ന് നാം അറിയിച്ചു. തുടർന്ന് ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ ചേംബറിൽ വച്ച് 12.10.18ന് നമ്മെ ചർച്ചയ്ക്ക് വിളിച്ചു. ചർച്ചയിൽ നമ്മുടെ പ്രസിഡന്റ് സ. എളമരം കരീം എം.പി.യും പങ്കെടുത്തു. നമ്മുടെ ആവശ്യം പൂർണ്ണമായി ധനമന്ത്രി അംഗീകരിച്ചു. 2017-18 സാമ്പത്തികവർഷത്തിലെ ശമ്പളത്തിന്റെ 7.75% ഇൻസെന്റീവായി

വിതരണം ചെയ്യുമെന്നറിയിച്ചു. തുടർന്ന് ചേർന്ന സംസ്ഥാന കമ്മിറ്റി യോഗം ബഹു. ധനമന്ത്രിയുടെ ഉറപ്പ് അംഗീകരിച്ചുകൊണ്ട് ഇൻസെന്റീവ് ബഹിഷ്കരണസമരം പിൻവലിക്കാൻ തീരുമാനിച്ചു. ധനകാര്യവകുപ്പ് മന്ത്രി ഉറപ്പ് പാലിക്കുകയും 2019 ജനുവരി 7ന് പുതുക്കിയ നിരക്കിലുള്ള ഇൻസെന്റീവ് കുടിശ്ശിക വിതരണം ചെയ്യുകയും ചെയ്തു. സമരം പ്രഖ്യാപിച്ച് അവസാന നിമിഷം വരെയും സമരമാർഗത്തിൽ ഉറച്ചുനിന്ന സഖാക്കളെ സംഘടന അഭിവാദ്യം ചെയ്യുന്നു. ഐക്യവും അടച്ചടക്കവും സമരം വിജയിപ്പിക്കാൻ അന്ത്യന്താപേക്ഷിതമാണെന്ന തിരിച്ചറിവാണ് സമരവിജയത്തിനാധാരം. തൊഴിലാളിസമരത്തിന്റെ ന്യായം ബോധ്യപ്പെട്ട് ചർച്ചയിലൂടെ പ്രശ്നം ഒത്തുതീർപ്പാക്കിയ കേരള സർക്കാരിനെയും മാനേജ്മെന്റിനെയും സംഘടന അഭിവാദ്യം ചെയ്യുന്നു.

**2. ശമ്പള പരിഷ്ക്കരണം നടപ്പാക്കുക**

ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉയർത്തിക്കൊണ്ട് ഡിസംബർ 26ന് നാം പ്രതിഷേധദിനം ആചരിച്ചിരുന്നു. അന്നേ ദിവസം HO/RO കേന്ദ്രങ്ങളിൽ പ്രതിഷേധ പ്രകടനം നടത്തി. ശമ്പളപരിഷ്കരണ ചർച്ച ഉടൻ വിളിച്ചുചേർക്കുമെന്നാണ് മാനേജ്മെന്റ് നമുക്ക് ഉറപ്പുനൽകിയത്. എന്നാൽ ഇതുവരെയും ചർച്ചാതീയതി നിശ്ചയിച്ചറിയിച്ചിട്ടില്ല. മാനേജ്മെന്റിന്റെ മെല്ലെപ്പോക്കു സമീപനത്തിൽ സംസ്ഥാന കമ്മിറ്റി യോഗം പ്രതിഷേധിച്ചു. സമയബന്ധിതമായി ചർച്ച വിളിച്ചു ചേർത്തില്ലെങ്കിൽ പ്രത്യക്ഷ പ്രക്ഷോഭം ശക്തിപ്പെടുത്തണമെന്ന് തീരുമാനിച്ചു.

**3. ജീവനക്കാർക്കുള്ള ഉപഹാരം**

ചിട്ടി ക്യാമ്പയിനുകൾ ചരിത്രവിജയമാക്കുന്ന ജീവനക്കാരുടെ ആത്മാർപ്പണ മനോഭാവം അംഗീകരിച്ചുകൊണ്ടും തുടർ പ്രവർത്തനങ്ങളിൽ കൂടുതൽ ശക്തമായി മുന്നേറാനുള്ള ആത്മവീര്യം നൽകുന്നതിനുമാണ് ജീവനക്കാർക്ക് ഉപഹാരം നൽകുന്നത്. ഇത് കൃത്യമായ ഇടവേളകളിൽ നൽകുന്നതിൽ വീഴ്ച വരുത്തുന്ന മാനേജ്മെന്റ് നിലപാടിൽ സംസ്ഥാന കമ്മിറ്റി പ്രതിഷേധിച്ചു. എത്രയും വേഗം ഉപഹാരം കുടിശ്ശിക സഹിതം വിതരണം ചെയ്യണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടുവാൻ തീരുമാനിച്ചു.

**4. പ്രൊബേഷൻ ഡിക്ലറേഷനും പി.എസ്.സി. വേരിഫിക്കേഷനും അനന്തമായി വൈകുന്നതിൽ പ്രതിഷേധം**

പി.എസ്.സി. വേരിഫിക്കേഷൻ നടപടികൾ വൈകുന്നതുമൂലം ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷന് കാലതാമസം ഉണ്ടാകുകയാണ്. ജീവനക്കാരുടെ സർവ്വീസ് ബുക്കുകൾ ശ്രദ്ധയില്ലാതെ കൈകാര്യം ചെയ്യുന്നതും സ്ഥിതിഗതികൾ രൂക്ഷമാക്കുന്നു. പി.എസ്.സി. ഓഫീസുകളുമായുള്ള മാനേജ്മെന്റിന്റെ ആശയവിനിമയം ഫലപ്രദമല്ല. പി.എസ്.സി. നടപടികൾ വൈകുകയാണെങ്കിൽ, ജീവനക്കാരുടെ പ്രൊബേഷൻ പ്രൊവിഷണലായി ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**5. സംസ്ഥാന ജനറൽ കൗൺസിൽ**

സംഘടനയുടെ 29-ാം സംസ്ഥാന സമ്മേളനം രൂപീകരിച്ച സംസ്ഥാന ജനറൽ കൗൺസിലിന്റെ ആദ്യയോഗം 17.02.19 (ഞായറാഴ്ച) രാവിലെ 10 മണിക്ക് മലപ്പുറം DTPC ഹാളിൽ ചേരും. ജനറൽ കൗൺസിലംഗങ്ങളെ കൂടാതെ ജില്ലാ ഭാരവാഹികളും പങ്കെടുക്കണം. കൗൺസിൽ യോഗത്തിൽ സഖാക്കൾ എളമരം കരീം എം.പി., ജോർജ്ജ് കെ. ആന്റണി, കൂട്ടായി ബഷീർ എന്നിവർ പങ്കെടുക്കും.

**6. അസിസ്റ്റന്റ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുക - അസിസ്റ്റന്റ് മാനേജർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുക**

പ്രമോഷൻ ടെസ്റ്റ് ക്വാളിഫൈഡ് ആയിട്ടുള്ള എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി അസിസ്റ്റന്റ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നും, അസിസ്റ്റന്റ് മാനേ

ജർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തണമെന്നും മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**7. KSFE ജീവനക്കാരുടെ നിയമനം; സ്പെഷ്യൽ റൂൾ ഭേദഗതി നിർദ്ദേശിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പിൻവലിക്കുക**

കെ.എസ്.എഫ്.ഇ. സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണത്തിലേക്ക് മാറിയ 2007ലാണ് റിക്രൂട്ട്മെന്റ് റൂൾ ഭേദഗതി ചെയ്യാനുള്ള നിർദ്ദേശം സർക്കാരിലേക്ക് കെ.എസ്.എഫ്.ഇ. അയച്ചത്. ജൂനിയർ അസിസ്റ്റന്റ് തസ്തികയ്ക്ക് PGDCA യും By Transfer പ്രമോഷന് DCA യും വേണമെന്നായിരുന്നു നിർദ്ദേശം. സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികയ്ക്കടക്കം ഇത്തരം നിർദ്ദേശങ്ങൾ ഉയർന്നുവന്നെങ്കിലും പ്രായോഗികമല്ലെന്ന് കണ്ട് പിന്നീട് പിൻവലിക്കുകയാണുണ്ടായത്.

കെ.എസ്.എഫ്.ഇ.യിലെ ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ പ്രമോഷൻ ശതമാനം 5%ത്തിൽ നിന്നും 10%ത്തിലേക്ക് ഉയർത്തണമെന്ന് കേരള സർക്കാരിനോടാവശ്യപ്പെടുന്ന ജീവനക്കാരുടെ കൂട്ടനിവേദനം (ഒപ്പിടൽ ക്യാമ്പയിൻ വഴി ജീവനക്കാരിൽ നിന്ന് ശേഖരിച്ചത്) സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ സി.ഐ.ടി.യു. സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്ക് നൽകുകയുണ്ടായി. തുടർന്ന് 24.09.13ന് 162-ാം നമ്പർ ഉത്തരവ് മുഖേന ജീവനക്കാരുടെ പ്രമോഷൻ അനുപാതം 5%ത്തിൽ നിന്നും 10% ആയി ഉയർത്തി. എന്നാൽ സ്പെഷ്യൽ റൂൾ ഭേദഗതി നടപ്പാക്കണമെന്നും കമ്പ്യൂട്ടർ യോഗ്യത ഉണ്ടാകണമെന്നുമുള്ള ഉത്തരവിലെ വ്യവസ്ഥകൾ പ്രതിലോമകരമായിരുന്നു. കാരണം സ്പെഷ്യൽ റൂൾ ഭേദഗതി നിർദ്ദേശം നടപ്പിൽ വരാൻ വർഷങ്ങൾ എടുക്കും. അന്നുവരെ ഓരോ വർഷവും അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 5% മാത്രമേ By Transfer പ്രമോഷൻ വഴി ലഭിക്കുകയുള്ളൂ എന്നതായിരുന്നു ഉത്തരവിന്റെ പ്രതിലോമ ഭാഗം. By Transfer പ്രമോഷൻ മുഖേന അസിസ്റ്റന്റായി ജോയിൻ ചെയ്തതിനുശേഷം രണ്ടുവർഷത്തിനുള്ളിൽ കമ്പ്യൂട്ടർ യോഗ്യത നേടിയാൽ മതിയെന്നുള്ള ക്ലോസ് ഉൾപ്പെടുത്തി ഉത്തരവ് ഭേദഗതി ചെയ്താൽ 24.09.13 മുതൽ മുൻകാല പ്രാബല്യത്തോടെ 10% നിരക്കിൽ പ്രമോഷൻ ലഭിക്കുമെന്നും സമാന്തരമായി സ്പെഷ്യൽ റൂൾ ഭേദഗതി നിർദ്ദേശം പിൻവലിച്ചുകൊണ്ടുള്ള മാനേജ്മെന്റിന്റെ കത്ത് സർക്കാരിന് നൽകിയാൽ മതിയെന്നുമുള്ള വിദഗ്ദ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സംഘടന നികുതിവകുപ്പ് സെക്രട്ടറിയ്ക്ക് കത്ത് നൽകി. അങ്ങനെയാണ് 24.09.13ൽ സർവ്വീസിലുള്ള OA ജീവനക്കാർക്ക് Protection Clause ഉൾപ്പെടുത്തി 2013ലെ ഉത്തരവ് ഭേദഗതി ചെയ്തത്. ഈ ഉത്തരവ് മൂലം അന്നത്തെ 115 പേരുള്ള റാങ്ക് ലിസ്റ്റിലെ ബാക്കിയുള്ള 10 പേർക്കും തൊട്ടടുത്ത ബൈ ട്രാൻസ്ഫർ ലിസ്റ്റിലെ 83 പേർക്കും പ്രമോഷൻ ലഭിച്ചുവെന്ന് മാത്രമല്ല; 50-ഓളം പുതിയ ഒഴിവുകൾ ഉണ്ടാകുകയും ചെയ്തു.

സമാന്തരമായിത്തന്നെ സ്പെഷ്യൽ റൂൾ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അന്നത്തെ ചെയർമാൻ ശ്രീ. പി.ടി. ജോസിന് നാം കത്ത് നൽകി. ഇതേ തുടർന്ന് സ്പെഷ്യൽ റൂൾ ഭേദഗതി നിർദ്ദേശം പിൻവലിച്ചുകൊണ്ടുള്ള കത്ത് അന്നത്തെ മാനേജ്മെന്റ് സർക്കാരിന് നൽകി. സംഘടനയും മാനേജ്മെന്റും സർക്കാരുമായി നടത്തിയ ആശയവിനിമയത്തെ തുടർന്ന് 2017 മേയിലും ജൂലൈയിലും തുടർ കത്തുകൾ മാനേജ്മെന്റ് നൽകി.

എന്നാൽ ഇവയൊന്നും പരിഗണിക്കാതെയും ആരും ആവശ്യപ്പെട്ടിട്ടില്ലാത്ത ഡിഗ്രി യോഗ്യത By Transfer പ്രമോഷന് ബാധകമാക്കിയുമുള്ള 2018 ആഗസ്റ്റ് 8-ലെ 61-ാം നമ്പർ ഉത്തരവിൽ ദുരൂഹതയുണ്ട്. സർക്കാരിനെയും മാനേജ്മെന്റിനെയും നാം പ്രതിഷേധം അറിയിച്ചിട്ടുണ്ട്. ഇതേ തുടർന്ന് പ്രസ്തുത ഉത്തരവ് കാൻസൽ ചെയ്യണമെന്നും സ്പെഷ്യൽ റൂൾ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നാവശ്യപ്പെട്ടും 05.02.19ന് മാനേജ്മെന്റ് സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. എത്രയും വേഗം പ്രസ്തുത ഉത്തരവ് പിൻവലിച്ച് കെ.എസ്.എഫ്.ഇ.യിലെ നിയമന നടപടികളിലെയും By Transfer പ്രമോഷനിലേയും തടസ്സങ്ങൾ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാം സർക്കാരിന് കത്ത്

നൽകിയിട്ടുണ്ട്. എത്രയും വേഗം ഉത്തരവ് പിൻവലിക്കുമെന്ന് പ്രതീക്ഷിക്കാം.

**8. ബാങ്ക് നിക്ഷേപങ്ങളുടെ TDS പരിധി 10,000/- രൂപയിൽ നിന്നും 40,000/- രൂപയായി ഉയർത്തുകയും എന്നാൽ നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനി നിക്ഷേപങ്ങളുടെ TDS പരിധി 5000/- രൂപയായി നിലനിർത്തുകയും ചെയ്ത കേന്ദ്രനയത്തിൽ പ്രതിഷേധം**

കേന്ദ്രസർക്കാർ ബജറ്റിലെ പ്രസ്തുത നിർദ്ദേശം നിക്ഷേപകരെ നമ്മിൽ നിന്നകറ്റും. കെ.എസ്.എഫ്.ഇ.യുടെ വികസന സ്വപ്നങ്ങൾക്ക് ദൂരവ്യാപക പ്രത്യാഘാതമുണ്ടാക്കുന്ന കേന്ദ്ര സർക്കാർ നയത്തിൽ സംഘടന പ്രതിഷേധിക്കുന്നു. നമ്മുടെ പ്രതിഷേധം നമ്മുടെ പ്രസിഡന്റ് സ. എളമരം കരിം എം.പി. പാർലമെന്റിൽ ഉയർത്തും. കെ.എസ്.എഫ്.ഇ. മാനേജ്മെന്റ് കെ.എസ്.എഫ്.ഇ.യ്ക്ക് ഈ പരിധിവർദ്ധന ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിനെ സമീപിക്കുമെന്ന് അറിയാൻ കഴിഞ്ഞു.

**9. ബജറ്റിലൂടെ KSFEയുടെ വികസനത്തിൽ ഊന്നൽ നൽകിയ കേരള സർക്കാരിന് അഭിനന്ദനം**

കേരളാ ബജറ്റിൽ കെ.എസ്.എഫ്.ഇ.യെക്കുറിച്ച് പറയുന്ന ഭാഗം "കെ.എസ്.എഫ്.ഇ.യുടെ സുവർണ ജൂബിലിവർഷമാണ് 2019. സുവർണ ജൂബിലി വർഷത്തിൽ 650 കോടിയുടെ ചിട്ടികളും 200 കോടിയുടെ അറ്റാദായവുമാണ് ലക്ഷ്യമിടുന്നത്. 60 പുതിയ ശാഖകൾ ആരംഭിക്കും. കെ.എസ്.എഫ്.ഇ.യുടെ ഇപ്പോഴത്തെ ടേണോവർ 35,000 കോടി രൂപയാണ്. 2019-20ൽ പ്രവാസി ചിട്ടികളടക്കം ഈ ടേണോവർ 60,000 കോടി രൂപയിൽ അധികരിക്കും. കെ.എസ്.എഫ്.ഇ.യുടെ ഇതര ബിസിനസ്സുകളിലും ജൂബിലിവർഷത്തിൽ വലിയ കുതിച്ചുചാട്ടമാണ് ലക്ഷ്യംവയ്ക്കുന്നത്. 1000 കോടിയുടെ സ്വർണപണയവായ്പ ലക്ഷ്യംവയ്ക്കുന്നു. ജൂബിലിവർഷം കെ.എസ്.എഫ്.ഇ. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും പുതിയ ഉയരങ്ങൾ താണ്ടും."

"2019-20ൽ കിഫ്ബിയിലേക്കുള്ള ധനസമാഹരണത്തിൽ ഒരു നിർണായകപങ്ക് പ്രവാസി ചിട്ടികൾക്കുണ്ടാകും. ഇപ്പോൾ യു.എ.ഇ.യിൽ മാത്രമാണ് ചിട്ടി ആരംഭിച്ചിട്ടുള്ളത്. ഫെബ്രുവരി മാസം മറ്റ് ഗൾഫ് രാജ്യങ്ങളിലേക്കും കൂടി പ്രവർത്തനം വ്യാപിപ്പിക്കും. ഏതാനും മാസങ്ങൾ കൂടി കഴിയുമ്പോൾ ലോകത്ത് ഏത് രാജ്യത്തുനിന്നും ചിട്ടിയിൽ ചേരാനാകും.

ഇത്തരത്തിൽ കെ.എസ്.എഫ്.ഇ.യുടെ വികസനത്തിൽ ശ്രദ്ധപതിപ്പിക്കുന്ന കേരള സർക്കാരിനെ സംഘടന അഭിനന്ദിക്കുന്നു.

**10. BPR : Brain Storming Session**

BPR-നെ സംബന്ധിച്ച് നമ്മുടെ 4/18 സർക്കുലർ വിശദമായി വായിച്ചുകാണുമല്ലോ? 30.01.2019ന് തിരുവനന്തപുരം റസിഡൻസി ടവറിൽ വച്ച് 'BPR : Brain Storming Session' നടന്നു. പ്രസ്തുത സെഷനിൽ പ്രതിനിധികൾക്ക് നൽകിയ ചോദ്യാവലിയുടെ പകർപ്പ് നമ്മുടെ വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. സ്ഥാപനത്തെ സമഗ്രമായി നവീകരിച്ച് അടിത്തറ വിപുലപ്പെടുത്താനുള്ള സർക്കാരിന്റെയും മാനേജ്മെന്റിന്റെയും പരിശ്രമത്തോട് പോസിറ്റീവായി നാം പ്രതികരിക്കണം. പ്രസ്തുത ചോദ്യാവലിയുടെ ഉത്തരങ്ങൾ തയ്യാറാക്കി ksfebpr@gmail.comലേക്ക് മെയിൽ ചെയ്യുക. പകർപ്പ് ksfesacitusc@gmail.comലേക്കും മെയിൽ ചെയ്യുക.

അഭിവാദനങ്ങളോടെ,

തൃശൂർ **എസ്. മുരളീകൃഷ്ണപിള്ള**

06-02-2019 ജനറൽ സെക്രട്ടറി